പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 471 **13-10-2026-ൽ മറുപടിയ്ക്ക്**

ആലപ്പുഴ ജില്ലയിൽ മാർക്കറ്റ് ഡെവലപ്മെൻറ് അസിസ്റ്റൻസ് ഇനത്തിലെ കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പ്രസാദ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മാർക്കറ്റിംഗ് ഡെവലപ്മെൻറ് അസിസ്റ്റൻസ് (എം.ഡി.എ) ഇനത്തിൽ കയർ കോർപറേഷന് സംസ്ഥാന സർക്കാർ നൽകുവാനുള്ള വിഹിതം കുടിശികയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ എത്ര രൂപയാണ് ഈ ഇനത്തിൽ സംഘങ്ങൾക്ക് നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: ആലപ്പുഴ ജില്ലയിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്ക് 2025-26 സാമ്പത്തിക വർഷത്തിൽ 15,95,159/- രൂപയും, 2026-27 വർഷത്തിൽ 4,02,702/- രൂപയും ഉൾപ്പെടെ 19,97,861/- രൂപ marketing Development assistance സംസ്ഥാന വിഹിതമായി നൽകുവാനുണ്ട്.

(സി) ചേർത്തല താലൂക്കിൽ ആകെ എത്ര സംഘങ്ങൾക്ക് എം.ഡി.എ ഇനത്തിലെ സംസ്ഥാനസർക്കാർ വിഹിതം നൽകുവാൻ ഉണ്ടെന്നും അതിനായി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

മറുപടി: ചേർത്തല താലൂക്കിലെ 5 സംഘങ്ങൾക്ക് 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിലായി 18,50,156/- രൂപ marketing Development assistance സംസ്ഥാന സർക്കാർ വിഹിതമായി നൽകുവാനുണ്ട്. മേൽ അപേക്ഷകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഈ തുക അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിലെ marketing Development assistance പദ്ധതിയുടെ കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് ലഭ്യമായ അപേക്ഷകളിൽ തുക അനുവദിച്ചു നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മാർക്കറ്റിംഗ് ഡെവലപ്മെൻറ് അസിസ്റ്റൻസ് ഇനത്തിൽ കയർ കോർപ്പറേഷന് ലഭിക്കുവാനുള്ള കേന്ദ്ര വിഹിതം സമയബന്ധിതമായി നേടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>മറുപടി:</u> മാർക്കറ്റിംഗ് ഡെവലപ്മെന്റ്റ് അസിസ്റ്റൻസ് സ്കീമിന് കേന്ദ്ര സർക്കാർ കയർ വികാസ് യോജന പ്രകാരം പുതുക്കിയ മാർഗ്ഗരേഖ 2018-19 വർഷം മുതൽ നടപ്പാക്കിയിട്ടുണ്ട്. ടി മാർഗ്ഗരേഖ പ്രകാരം 5% വീതം ഓരോ വർഷവും വിൽപ്പന വർധനവ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയുണ്ട്. ഏതെങ്കിലും വർഷം വിൽപ്പന കുറഞ്ഞാൽ ആ സ്ഥാപനത്തിന്റെ ഏറ്റവും ഉയർന്ന വിൽപ്പന എപ്പോൾ ആണോ ഉണ്ടായത് അതിന്റെ 5 ശതമാനം വർധനവ് എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ മാത്രമേ പിന്നീട് മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസിന് അർഹത ഉണ്ടാവുകയുള്ളൂ. ടി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ 2022-2023 വർഷം മുതൽ 2024-2025 വരെയുള്ള കയർ കോർപ്പറേഷന്റെ മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ് അപേക്ഷകൾ അർഹതപ്പെട്ട സംസ്ഥാന വിഹിതം അനുവദിച്ചു നൽകിയ ശേഷം കേന്ദ്ര വിഹിതം അനുവദിക്കുന്നതിനായി കയർ ബോർഡിന് യഥാസമയം സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്രവിഹിതം അനുവദിച്ചിരുന്നില്ല.

സെക്ഷൻ ഓഫീസർ